**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 988** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭിന്നശേഷിക്കാർക്കുള്ള വിവിധപദ്ധതികളിലെ അപേക്ഷ തീർപ്പാക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിലെ ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി, വിദ്യാകിരണം, വിദ്യാജ്യോതി, സ്വാശ്രയ, സ്നേഹയാനം, സഹജീവനം എന്നീ പദ്ധതികളിൽ എത്ര അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ; തീർപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സാമൂഹ്യനീതിവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി, വിദ്യാകിരണം, വിദ്യാജ്യോതി, സ്വാശ്രയ, സ്നേഹയാനം, സഹജീവനം എന്നീ പദ്ധതികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ് :

**1. ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണ പദ്ധതി:**

പ്രസ്തുത പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ ലഭിച്ച അപേക്ഷകളിൽ 28 പേർക്ക് ശ്രവണ സഹായികളും 14 പേർക്ക് മറ്റ് ഭിന്നശേഷി സഹായ ഉപകരണങ്ങളും വിതരണം ചെയ്യുവാനുണ്ട്. പ്രസ്തുത അപേക്ഷകൾ ഈ സാമ്പത്തിക വർഷമാണ് ലഭിച്ചത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ മുഖാന്തരം സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**2. വിദ്യാകിരണം:**

വിദ്യകിരണം പദ്ധതിയുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ആകെ 348 അപേക്ഷകൾ ലഭ്യമായിരുന്നതിൽ 58 അപേക്ഷകൾ തീർപ്പാക്കാനായി ബാക്കിയുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ 2026-27 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ലഭ്യമായ 269 അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**3. വിദ്യാജ്യോതി:** വിദ്യാജ്യോതി പദ്ധതിയുടെ ഭാഗമായി 2026- 27 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ലഭ്യമായ 8 അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**4. സ്വാശ്രയ:**

സ്വാശ്രയ പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ നിലവിൽ ലഭ്യമായ 6 അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

**5. സഹജീവനം , 6. സ്നേഹയാനം :**

സ്നേഹയാനം, സഹജീവനം എന്നീ പദ്ധതികൾക്കായി കോഴിക്കോട് ജില്ലയിൽ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**